(ബി) രേഖകളില്ലാതെ അഡ്വാൻസ് നൽകിയതിനെ സംബന്ധിച്ച് എ.ജി.യുടെ ആഡിറ്റ് കുറിപ്പിന്റെ അടിസ്ഥാനത്തിൽ ബോർഡ് എന്തെങ്കിലും നടപടികളെടുത്തിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദവിവരം വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) 2000-2001 സാമ്പത്തിക വർഷത്തിലെ അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റിംഗ് നടന്നിട്ടില്ല. ആഡിറ്റിംഗ് നടന്നതിനുശേഷമേ എ.ജി.യുടെ നിഗമനങ്ങളടങ്ങിയ റിപ്പോർട്ട് ബോർഡിൽ ലഭ്യമാക്കുകയുള്ളൂ. എ.ജി.യുടെ റിപ്പോർട്ടിൽ ശുപാർശ ചെയ്യുന്നതനുസരിച്ചുള്ള തുടർനടപടികൾ ബോർഡ് കാലാകാലങ്ങളിൽ സ്വീകരിക്കാറുണ്ട്.

മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന വൈദ്യുതിയുടെ കണക്ക്

72 (1224) ശ്രീ. പി. കെ. അബ്ദുറബ്ബ് :

ശ്രീ. പി. കെ. കെ. ബാവ :

ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മറ്റു സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കുന്ന വൈദ്യുതിയുടെ കണക്ക് വെളിപ്പെടുത്തുമോ ;

(ബി) ഓരോ സംസ്ഥാനത്തിനും കേന്ദ്രത്തിനും വൈദ്യുതിക്കായി നൽകുന്ന തുക എത്ര ;

(സി) മറ്റു സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന വൈദ്യുതിയുടെ വില നിരക്ക് എത്രയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) സംസ്ഥാനം. കേന്ദ്ര സർക്കാർ ഏജൻസികളായ എൻ.റ്റി.പി.സി., എൻ.എൻ.സി., എൻ.പി.സി. തുടങ്ങിയവയിൽ നിന്നാണ് വൈദ്യുതി വാങ്ങുന്നത്. ഈ ഏജൻസികളിൽ നിന്നും 4/2000 മുതൽ 12/2000 വരെ ലഭിച്ച വൈദ്യുതിയുടെ കണക്ക്, നൽകിയ തുക, വൈദ്യുതിയുടെ നിരക്ക് ഇവ ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പവർസ്റ്റേഷൻ	ലഭിച്ച വൈദ്യുതി (കെ.ഡബ്ലിയൂ.എച്ച്)	നൽകിയ തുക പി.ജി.സി.ഐ.എൽ ചാർജ്ജ് ഉൾപ്പെടെ രൂപയിൽ	വൈദ്യുതി നിരക്ക് (പൈസ)
രാമഗുണ്ടം	1253229325	156,13,14,777	124.58
കിഴക്കൻ മേഖല എൻ.എൽ.സി.	252155088	49,35,36,449	291.80
സ്റ്റേറ്റ് I, II എൻ.പി.സി.	749954734	10,93,36,9964	145.79
മാപ്പ്സ്	176934079	34,50,41,276	192.83
കൈഗ	138112516	40,30,05,556	195.72
പശ്ചിമ മേഖല	15688290	2,60,95,984	166.34

വൈദ്യുതി ചാർജ്ജ് ഒന്നിച്ച് അടയ്ക്കുവാനുള്ള സൗകര്യം

73 (1225) ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോട്ട്ബില്ലിംഗ് സമ്പ്രദായം നിലവിലുള്ള സ്ഥലങ്ങളിൽ ഉപഭോക്താക്കൾക്ക് ഒന്നിലധികം മാസങ്ങളിലെയോ, അഥവാ ഒരു വർഷത്തെയോ വൈദ്യുതി ചാർജ്ജ് ഒന്നിച്ച് അടയ്ക്കുവാൻ കഴിയുമോ;

(ബി) ഇല്ലെങ്കിൽ ആയതിനുള്ള സൗകര്യം ചെയ്തു കൊടുക്കുമോ;

(സി) ഒന്നിലധികം മാസങ്ങളിലെ തുക ഒന്നിച്ച് അടയ്ക്കാൻ തയ്യാറായിട്ടുള്ളവർ എന്തെല്ലാം നടപടി സ്വീകരിച്ചാൽ ആയതിനുള്ള സൗകര്യം ലഭിക്കുമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) കഴിയും.

(ബി) പ്രസക്തമല്ല.

(സി) ഒരു വർഷത്തെയോ ആറു മാസത്തെയോ വൈദ്യുതി ചാർജ്ജ് ഒന്നിച്ചടയ്ക്കുന്നതിന് ബന്ധപ്പെട്ട സെക്ഷനിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെയോ/ അസിസ്റ്റന്റ് എഞ്ചിനീയറെയോ സമീപിച്ചാൽ മതിയാകും. ഒരു വർഷത്തെ വൈദ്യുതിചാർജ്ജ് ഒരുമിച്ചടക്കുമ്പോൾ പത്തു ശതമാനവും ആറ് മാസത്തെ വൈദ്യുതി ചാർജ്ജ് ഒന്നിച്ചടയ്ക്കുമ്പോൾ നാല് ശതമാനവും കിഴിവ് ലഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly